REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-09-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ജൽ ശക്തി മന്ത്രാലയത്തിന്റെ വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ വൈകിട്ട് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.**
- **സംസ്ഥാനത്ത് പി.എസ്.സി അധ്യാപക തസ്തികയിലെ റാങ്ക് ലിസ്റ്റ് കാലാവധി ആറു മാസത്തേക്ക് നീട്ടാൻ മന്ത്രിസഭ ശുപാർശ ചെയ്തു.**
- **നേപ്പാളിലെ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം ആയിരം കവിഞ്ഞു. രക്ഷാ-ദുരിതാശ്വാസ സാമഗ്രികളുമായി അഞ്ചാമത്തെ ഇന്ത്യൻ വിമാനം നേപ്പാളിലേക്ക് പുറപ്പെട്ടു.**
- **മുല്ലപ്പെരിയാറിൽ സന്ദർശനത്തിനെത്തിയ സുപ്രീം കോടതി നിയോഗിച്ച സമഗ്ര സുരക്ഷാ പരിശോധന സമിതി യോഗം തേക്കടിയിൽ ആരംഭിച്ചു.**
- **ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്തിന് വിജയം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ജൽ ശക്തി മന്ത്രാലയത്തിന്റെ വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ വൈകിട്ട് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും. 'ടീം ഇന്ത്യ' എന്ന മനോഭാവം ശക്തിപ്പെടുത്തുന്നതിനും സഹകരണാത്മക ഫെഡറലിസം കൂടുതൽ ദൃഢമാക്കുന്നതിനും പ്രധാനമന്ത്രി വിഭാവനം ചെയ്ത വകുപ്പുതല ഉച്ചകോടികളുടെ പരമ്പരയിലെ ആദ്യത്തേതാണ് ഇന്നലെ ന്യൂഡൽഹിയിൽ ആരംഭിച്ച ദ്വിദിന സമ്മേളനം.

നിർണായക  മേഖലകളിലെ മുൻഗണനാ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും സമയബന്ധിതമായ കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നതിനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ഓർമിപ്പിക്കുന്നതാണ് ജൽ ശക്തി മന്ത്രാലയത്തിന്റെ വകുപ്പുതല ഉച്ചകോടി. ജല അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സമയബന്ധിതമായ നടപ്പാക്കൽ, മഴവെള്ള സംഭരണത്തിൽ ജനപങ്കാളിത്തം എന്ന ആശയത്തിൽ 'ജൽ സഞ്ചയ് ജൻ ഭാഗിദാരി - ക്യാച്ച് ദ റെയിൻ' പദ്ധതി , കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത, ജൽ ജീവൻ മിഷൻ 2.0 എന്നീ നാല് പ്രധാന മേഖലകളിലാണ് ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ മൂന്നു ദിവസത്തെ ഉക്രെയ്ൻ, പോളണ്ട് സന്ദർശനം നാളെ ആരംഭിക്കും. ഉക്രെയ്ൻ വിദേശകാര്യ മന്ത്രി, പോളണ്ട് ഉപപ്രധാനമന്ത്രി എന്നിവരുമായി ഡോ. ജയശങ്കർ ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

ഇന്ത്യയുടെ GDP നേട്ടത്തെ  ലോകബാങ്ക് പ്രസിഡന്റ് അജയ് ബംഗ അഭിനന്ദിച്ചു. ആഗോളതലത്തിലെ ഊർജ്ജ പ്രതിസന്ധി, വ്യാപാരരംഗത്തെ അനിശ്ചിതത്വം, പ്രതികൂല കാലാവസ്ഥ  എന്നിവയ്ക്കിടയിലും രാജ്യത്തിന്റെ സമീപകാല സാമ്പത്തിക പ്രകടനം മികച്ചതാണെന്ന് അദ്ദേഹം വിലയിരുത്തി. റോഡുകൾ, പാലങ്ങൾ, വിമാനത്താവളങ്ങൾ, ഊർജ്ജം, ജലവിതരണം, ഡിജിറ്റലൈസേഷൻ എന്നീ മേഖലകളിൽ ഇന്ത്യ ശ്ലാഘനീയമായ നേട്ടങ്ങളാണ് കൈവരിച്ചതെന്ന് അജയ് ബംഗ പറഞ്ഞു.

✪✪✪

ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വേവറിന്റെ മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനം ഇന്ന് ആരംഭിക്കും. ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം ചർച്ച നടത്തും. ഇന്ത്യ-ബെൽജിയം സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ വേവറിന്റെ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് പി.എസ്.സി അധ്യാപക തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറു മാസത്തേക്ക് നീട്ടാൻ മന്ത്രിസഭ ശുപാർശ ചെയ്തതായി മുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി NDPS

കേസുകൾ തീർപ്പാക്കുന്നതിന് വിചാരണക്കായി പാലക്കാട്, മഞ്ചേരി, തൃശൂർ ജുഡീഷ്യൽ ജില്ലകളിൽ മൂന്നു പ്രത്യേക കോടതികൾ സ്ഥാപിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

ഡെസ്ക് റിപ്പോർട്ട്....

..........വോയ്സ്........

സംസ്ഥാനത്ത് സെൻസെസ്, തെരഞ്ഞെടുപ്പ് ഡ്യൂട്ടികൾ വന്ന സാഹചര്യത്തിൽ നിയമനം കൃത്യമായി നടക്കാത്തതിനാലാണ് 18 അധ്യാപക തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറു മാസത്തേക്ക് നീട്ടാൻ തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി മന്ത്രിസഭാ യോഗത്തിനു ശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി, തിരുവനന്തപുരം, എറണാകുളം NDPS കോടതികളിൽ സ്ഥിരം നിയമനം എട്ടിന് പകരം 11 ആക്കാനും തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. ഇതിനായി 33 പുതിയ തസ്തികൾ സൃഷ്ടിക്കും.

KSRTC യുടെ പ്രിയദർശിനി പദ്ധതിയുമായി ബന്ധപ്പെട്ട് സ്വകാര്യ ബസ്മേഖലയിലെ പ്രശ്നം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് കിട്ടിയതായി മുഖ്യമന്ത്രി പറഞ്ഞു. സ്വകാര്യ ബസ് മേഖലയെ സംരക്ഷിച്ചു മുന്നോട്ട് പോകാൻ നിർദേശങ്ങൾ ഉണ്ട്. ഗതാഗത വകുപ്പ് മന്ത്രി റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

മെസ്സിയുടെ കേരള സന്ദർശനം സംബന്ധിച്ച GST തട്ടിപ്പ് അന്വേഷിക്കാൻ ആഭ്യന്തര വകുപ്പ് വൈകാതെ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുമെന്നും വി.ഡി സതീശൻ അറിയിച്ചു.

കാന്തപുരം അബൂബക്കർ മുസ്ല്യാരുടെ സ്ത്രീ വിരുദ്ധ പ്രസ്താവന കേരളത്തിന് യോജിച്ച നിലപാടല്ലെന്നും ഇത് ഇസ്ലാമിക ചരിത്രത്തിന് വിരുദ്ധമാണെന്നും. ഗവൺമെന്റോ കോൺഗ്രസ്സ് പാർട്ടിയോ അത്തരം പ്രസ്താവനകളോട് യോജിക്കുന്നില്ലെന്നും മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

ഓണാഘോഷ സമാപന പരിപാടിയിൽ വന്ദേ മാതരം മുഴുവൻ ആലപിച്ചത് ഉപരാഷ്ട്രപതി പങ്കെടുക്കുന്ന പരിപാടിയിൽ അവരുടെ പ്രോട്ടോകോൾ പ്രകാരം ആണെന്ന് വിഡി സതീശൻ പറഞ്ഞു.

CPI യെ മുന്നണിയിൽ എടുക്കാൻ UDF തീരുമാനം എടുത്തിട്ടില്ലെന്നും LDF ൽ നടക്കുന്ന കലാപം UDF പുറത്തു നിന്ന് കാണുകയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഇന്ന് ആഗോള നാളികേര ദിനം. ദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര നാളികേര വികസന ബോർഡിന്റെ ആഭ്യമുഖ്യത്തിൽ നടത്തുന്ന ദേശീയതല പരിപാടി തിരുവനന്തപുരത്ത് മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്തു.

മന്ത്രി ടി. സിദ്ദിഖ് അധ്യക്ഷ വഹിച്ച ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രാം നാഥ് ഠാക്കൂർ വിശിഷ്ടാതിഥിയായി പങ്കെടുത്തു. ചടങ്ങിൽ നാളികേര വികസന ബോർഡിന്റെ ദേശീയ നാളികേര അവാർഡുകൾ വിതരണം ചെയ്തു.

✪✪✪

നേപ്പാളിലെ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം ആയിരം കവിഞ്ഞു. 583 വിദേശികളും 83 സുരക്ഷാ ഉദ്യോഗസ്ഥരും ഉൾപ്പെടെ ഏകദേശം 4,000 പേരെ ഇനിയും കണ്ടെത്താനുണ്ട്. പ്രളയത്തിൽപ്പെട്ട 163 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് 151 ഇന്ത്യൻ പൗരന്മാർ ചൈന അതിർത്തി വഴി സുരക്ഷിതമായി രാജ്യത്തേക്ക് മടങ്ങിയതായും മന്ത്രാലയം വ്യക്തമാക്കി. തുരങ്കങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷപ്പെടുത്താൻ ശ്രമങ്ങൾ പുരോഗമിക്കുകയാണ്.

✪✪✪

രക്ഷാ-ദുരിതാശ്വാസ സാമഗ്രികളുമായി അഞ്ചാമത്തെ ഇന്ത്യൻ വിമാനം ഇന്ന് നേപ്പാളിലേക്ക് പുറപ്പെട്ടു. അഞ്ചര ടൺ അവശ്യ മരുന്നുകളും അത്യാധുനിക ഉപകരണങ്ങളും സജ്ജരായ 11 അംഗ രക്ഷാപ്രവർത്തക സംഘവുമായാണ് വിമാനം പുറപ്പെട്ടതെന്ന് വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ സാമൂഹികമാധ്യമത്തിൽ അറിയിച്ചു.

രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സാധ്യമായ എല്ലാ സഹായവും ഇന്ത്യ തുടർന്നും നൽകുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

ജാതി വേർതിരിവ് ഉൾപ്പടെ സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെ ശാസ്ത്രത്തിന്റെയും യുക്തിയുടെയും പിൻബലത്തോടെ നിരാകരിച്ച സാമൂഹ്യ പരിഷ്കർത്താവായിരുന്നു വിദ്യാധിരാജ ചട്ടമ്പിസ്വാമികളെന്ന് N.K. പ്രേമചന്ദ്രൻ M.P. പറഞ്ഞു. ചട്ടമ്പിസ്വാമികളുടെ 173-ാം ജയന്തി ആഘോഷം കൊല്ലം പന്മന

ആശ്രമത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വാഴൂർ തീർത്ഥപാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ, കവി വി. മധുസൂദനൻ നായർ എന്നിവർ പങ്കെടുത്തു.

✪✪✪

മുല്ലപ്പെരിയാർ സന്ദർശനത്തിനെത്തിയ സുപ്രീംകോടതി നിയോഗിച്ച സമഗ്ര സുരക്ഷാ പരിശോധന സമിതിയുടെ യോഗം തേക്കടിയിൽ ആരംഭിച്ചു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് അണക്കെട്ടിൽ പരിശോധന വേണമെന്ന ആവശ്യം കേരളം ഇന്നത്തെ യോഗത്തിൽ ഉന്നയിക്കും. ഇരുസംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥരുമായി നടക്കുന്ന ചർച്ചയിൽ അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ സുപ്രീംകോടതിയെ സമീപിക്കാനാണ് കേരളത്തിന്റെ തീരുമാനം.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ

...........വോയ്സ്...........

കേന്ദ്ര ഡാം സുരക്ഷാ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ബൽരാജ് ജോഷി അധ്യക്ഷനായ അഞ്ചംഗ വിദഗ്ധ സമിതിയാണ് മുല്ലപ്പെരിയാറിൽ പരിശോധനക്ക് എത്തിയത്.

ഇന്നലെ പ്രധാന ഡാം, ബേബി ഡാം, സ്പിൽ വേ, ഗാലറി തുടങ്ങിയ ഭാഗങ്ങളിൽ സമിതി നേരിട്ടെത്തി വിശദമായ പരിശോധന പൂർത്തിയാക്കിയിരുന്നു. അണക്കെട്ടിന്റെ ബലക്ഷയം, മണ്ണൊലിപ്പ്, തേയ്മാനം എന്നിവയ്ക്ക് പുറമേ പ്രദേശത്തെ ഭൂകമ്പസാധ്യതയും പ്രതിരോധശേഷിയും സംഘം വിലയിരുത്തി. സ്പിൽവേ ഗേറ്റുകളുടെയും ഭൂകമ്പം രേഖപ്പെടുത്തുന്ന ഉപകരണങ്ങളുടെയും പ്രവർത്തനക്ഷമതയും സമിതി പ്രത്യേകം പരിശോധിച്ചിട്ടുണ്ട്.

ഇരുസംസ്ഥാനങ്ങളുടെയും ആശങ്കകളും ആവശ്യങ്ങളും വിലയിരുത്തി സമിതി തയ്യാറാക്കുന്ന റിപ്പോർട്ട് ദേശീയ അണക്കെട്ട് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിക്കും.

ഈ റിപ്പോർട്ടിന്റെ പകർപ്പ് തുടർന്നുള്ള നടപടികൾക്കായി കേരളത്തിനും തമിഴ്നാടിനും കൈമാറുകയും ചെയ്യും.

✪✪✪

2027-ലെ ഹജ്ജ് തീർഥാടനത്തിന് തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ ആദ്യഘട്ട മെഡിക്കൽ പരിശോധന പൂർത്തിയാക്കി, സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും ഈ മാസം 15-നകം സമർപ്പിക്കേണ്ടതാണെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. 2027 ലെ ഹജ്ജ് നിയമം അനുസരിച്ച് ആരോഗ്യവന്മാരായ

തീർഥാടകർക്ക് മാത്രമായി യാത്ര നിജപ്പെടുത്തുന്നതിന് രണ്ടുഘട്ട മെഡിക്കൽ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് വേളയിൽ ആദ്യഘട്ട പരിശോധനയും, യാത്ര പുറപ്പെടുന്ന തീയതിയോട് അനുബന്ധിച്ച് രണ്ടാം ഘട്ട പരിശോധനയുമാണ് നടത്തുക.

നിർദിഷ്ട ഫോറത്തിലെ 'പ്രൈമറി മെഡിക്കൽ സ്ക്രീനിംഗ് ആൻഡ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്', പണമടച്ചതിന്റെ രസീത്/പേ-ഇൻ-സ്ലിപ്പ് എന്നിവ ഈ മാസം 15-നകം കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണ്ടതാണ്. മെഡിക്കൽ പരിശോധനയിൽ യോഗ്യരല്ലെന്ന് കണ്ടെത്തുന്നവരുടെ അപേക്ഷകൾ റദ്ദാക്കുകയും അടച്ച തുക തിരികെ നൽകുകയും ചെയ്യും. ആരോഗ്യ വിവരങ്ങൾ മറച്ചുവെച്ച് വ്യാജ വിവരങ്ങൾ നൽകുന്നവർക്കെതിരെ നിയമനടപടികൾ ഉണ്ടാവുമെന്ന് ഹജ്ജ് കമ്മറ്റി അറിയിച്ചു.

✪✪✪

പാലക്കാട് നിയോജക മണ്ഡലത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഭവനമൊരുക്കുന്നതിനായി 'കിളിക്കൂട്' ഭവന പദ്ധതി ആരംഭിക്കുന്നു. പദ്ധതിയുടെ ഭാഗമായി പ്രതിവർഷം പത്ത് വീടുകൾ നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്..

...........വോയ്സ്......

രമേഷ് പിഷാരടി എം.എൽ.എയുടെ നേതൃത്വത്തിൽ, വിവിധ വ്യവസായ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.പാലക്കാട് നഗരസഭ, കണ്ണാടി, മാത്തൂർ, പിരായിരി പഞ്ചായത്തുകളിലെ സ്ഥിരതാമസക്കാരും സ്വന്തമായി സ്ഥലമുള്ളവരുമായ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.മണ്ഡലത്തിലെ അർഹരായ കൂടുതൽ കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ സിംഗിൾസ് മത്സരത്തിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്തിന് വിജയം. ഷെൻഷെനിൽ ചൈനീസ് തായ്പേയിയുടെ ചി യു ജെന്നിനെയാണ് ശ്രീകാന്ത് പരാജയപ്പെടുത്തിയത്. മറ്റൊരു പുരുഷ സിംഗിൾസ് മത്സരത്തിൽ കാനഡയുടെ വിക്ടർ ലായിയോട് പരാജയപ്പെട്ട് ഇന്ത്യയുടെ ലക്ഷ്യ സെൻ ടൂർണമെന്റിൽ നിന്ന് പുറത്തായി.

ഇന്ത്യയുടെ മിക്സഡ് ഡബിൾസ് സഖ്യമായ ധ്രുവ് കപിലയും തനിഷ ക്രാസ്റ്റോയും തായ്‌ലൻഡിന്റെ ടോന്നകോൺ സെയ്ഹെങ് - ടോന്നിച സെയ്ഹെങ് സഖ്യത്തെ പരാജയപ്പെടുത്തി

✪✪✪

കണ്ണൂർ ഇരിട്ടിക്കടുത്ത്  അടയ്ക്കാത്തോടിൽ ജനവാസ മേഖലയിൽ ഇന്നലെ രാത്രി കാട്ടാനയിറങ്ങി കൃഷി നശിപ്പിച്ചു. പ്രദേശത്ത് വന്യമൃഗങ്ങൾ ഇറങ്ങുന്നത് ജനങ്ങളെ ഭീതിയിലാക്കിയിരിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ...

........വോയ്സ്......

അടക്കാത്തോട് ശാന്തിഗിരിയിലെ . അട്ടക്കുളം രാജന്റെ വീട്ടുമുറ്റത്താണ് എത്തിയത്. ആന വീട്ടുമുറ്റത്ത് എത്തുമ്പോൾ രാജനും ഭാര്യയും മാത്രമാണ് വീട്ടിൽ ഉണ്ടായിരുന്നത്.

വീട്ടുമുറ്റത്ത് നട്ടുവളർത്തിയ വാഴകൾ ഉൾപ്പെടെയുള്ള കൃഷികൾ പൂർണ്ണമായും പിഴുതെറിഞ്ഞ് നശിപ്പിച്ചു. പ്രദേശത്ത് മണിക്കൂറുകളോളം പരിഭ്രാന്തി പരത്തിയ ശേഷമാണ് കാട്ടാന സമീപത്തെ കാട്ടിലേക്ക് തിരികെ മടങ്ങിയത്. വീട്ടുമുറ്റത്തൂടെ ഭീതിജനകമായ രീതിയിൽ നടന്നുനീങ്ങുന്നതിന്റെയും കൃഷിയിടം നശിപ്പിക്കുന്നതിന്റെയും ദൃശ്യങ്ങൾ വീട്ടിൽ സ്ഥാപിച്ചിരുന്ന സിസിടിവി ക്യാമറയിൽ പതിഞ്ഞിട്ടുണ്ട്.

ശാന്തിഗിരിയും പരിസര പ്രദേശങ്ങളും കഴിഞ്ഞ കുറച്ചു നാളുകളായി രൂക്ഷമായ കാട്ടാനശല്യത്തിന്റെ പിടിയിലാണ്. ജനവാസ മേഖലയിലേക്ക് വന്യമൃഗങ്ങൾ നിരന്തരമായി ഇറങ്ങുന്നത് നാട്ടുകാരെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്.

✪✪✪

*News Editor :  പി ചന്ദ്രബാബു*
*News Reader: ജാസ്മി*
*News Team: ഫസ്ന ഫാത്തിമ, മണികണ്ഠൻ*
*DEO: സി കെ സുബോധ്*